പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺഫിലിപ്പോസ്):

(എ)	ഏക്കർ	സെൻറ്
തിരുവില്ലാമഠം	൪൫	൨൩
മാവേലിക്കര	൫൩	൫൦
മുവ്വാറ്റുപുഴ	൨൭൯	൩൫
കൊച്ചികണയന്നൂർ	൧൧	൧൦
ആകെ	൩൫൫	൧൮

(ബി) ഉദ്ദേശം ൯൨൫ ഉറുപ്പിക.

(സി) ഉല്പാദനത്തിന്റെ തൂക്കവും വിലയും കൃത്യമായി അറിയാറായിട്ടില്ല.

(ഡി) ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പരീക്ഷണങ്ങളുടെ ഫലം അറിഞ്ഞതിനുശേഷം മാത്രമെ ഇക്കാര്യത്തിൽ ഗവൺമെണ്ടിന്റെ നയം രൂപീകരിക്കുവാൻ സാധ്യമാകയൊള്ളൂ.

പൗരജനപ്രതിനിധിയിലെ റിപ്പോർട്ട്

*൧൦൭൯. (൫൫) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) നെല്ലുല്പാദനപ്രശ്നം— തിരുവിതാംകൂറിലെയും കൊച്ചിയിലെയും രീതിയിലുള്ള അന്തരം എന്ന തലക്കെട്ടിൽ ൧൯൫൦ സെപ്റ്റംബർ ൧൯–ാം തീയതിയിലെ പൗരജനപ്രതിനിധിയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ട് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) റേഷൻ കാർഡുപ്രകാരം കൃഷിക്കാർക്കു നൽകുന്ന നെല്ല് തിരുവിതാംകൂറിൽ സംഭരണക്കണക്കിൽ ഉൾപ്പെടുത്തുന്നില്ലെന്ന പറയുന്നതു ശരിയാണോ; ശരിയാണെങ്കിൽ അതിനു കാരണമെന്താണ്?

വിദ്യാഭ്യാസവും, തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ട്.

(ബി) കൃഷിക്കാർക്കു അനുവദിക്കുന്ന നെല്ല് ഗവൺമെണ്ടു എടുത്തതായി ഗണിക്കുവാൻ പാടില്ലാത്തതുകൊണ്ടു് അതു സംഭരണക്കണക്കിൽ ഉൾപ്പെടുത്താറില്ല. തിരുവിതാംകൂറിൽ മാത്രമല്ല കൊച്ചിയിലും അപ്രകാരം തന്നെയാണ് ചെയ്യുന്നതു്.

റേഷൻ കുഴപ്പം

*൧൦൭൮. (നമ്പ) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ൧൯൫൦ ആഗസ്റ്റുമാസത്തിൽ തിരുവിതാംകൂർ പ്രദേശത്തു റേഷൻ ലഭിക്കാതെ വളരെ വിഷമിച്ചിരുന്ന സന്ദർഭത്തിൽ, കൊച്ചിപ്രദേശത്തു സംപൂർണ്ണറേഷൻ കൊടുക്കുവാൻ ഉണ്ടായ സാഹചര്യങ്ങൾ എന്തായിരുന്നു;

(ബി) റംസാൻ, ക്രിസ്തുമസ് എന്നീ വിശേഷസന്ദർഭത്തിൽ സ്പെഷ്യൽ റേഷൻ കൊടുക്കുക പതിവുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly